# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T 3185 3.4.2013-ൽ മറുപടിയ്ക്ക്

### കോഴിയിറച്ചി ക്ഷാമം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കോലിയക്കോട് .എൻ.കൃഷ്ണൻ നായർ | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും,മൃഗസംരക്ഷണവും<br>അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനത്ത് പ്രതിമാസം ആവശ്യമായ കോഴിയിറച്ചിയുടെ അളവ് എത്ര ; | എ) | ഏകദേശം 20,000 ടണ്ണിനും 25,000 ടണ്ണിനും ഇടയ്ക്ക്. |
| ബി) | ആയതിൽ എത്ര അളവ് സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്നുണ്ട് ;ബാക്കി ഏതെല്ലാം സംസ്ഥാനത്തു നിന്നും എത്ര വീതം ലഭ്യമാക്കുന്നുണ്ട്; | ബി) | ഇതിൽ ഏകദേശം പകുതിയോളം സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നതായി കണക്കാക്കുന്നു.തമിഴ്നാട്ടിൽ നിന്നും 6000 ടണ്ണും കർണ്ണാടക, ആന്ധ്രാപ്രദേശ് സംസ്ഥാനങ്ങളിൽ നിന്നും 2000 ടൺ വീതവും ലഭ്യമാക്കുന്നു എന്നാണ് കണക്കാക്കിയിട്ടുള്ളത്. |
| സി) | സംസ്ഥാനത്ത് കോഴിയിറച്ചിക്ക് ക്ഷാമം അനുഭവപ്പെടാറുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? | സി) | ഉണ്ട്. ഈ ക്ഷാമം പരിഹരിക്കുന്നതിന് സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ നടപ്പാക്കുന്ന ഇന്റഗ്രേഷൻ പദ്ധതി സംസ്ഥാനത്തിലുടനീളം വ്യാപിപ്പിക്കുവാനും അവയിലൂടെ കൂടുതൽ ഇറച്ചിക്കോഴികളെ വളർത്തിയെടുക്കാനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ കോഴിവളർത്തൽ രംഗം ഉപേക്ഷിച്ചുപോയ കർഷകരെ കണ്ടെത്തി അവരുടെ ഫാമുകൾ ഏറ്റെടുത്ത് അവയിലൂടെ കൂടുതൽ ബ്രോയിലർ കോഴിക്കുഞ്ഞുങ്ങളെ വളർത്തിയെടുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇവയ്ക്കു പുറമേ ഈ കോർപ്പറേഷന്റെ കീഴിലുള്ള ഹാച്ചറികളുടെ ശേഷി വർദ്ധിപ്പിക്കാനും അതുവഴി ഒരു കോടി ബ്രോയിലർ കോഴിക്കുഞ്ഞുങ്ങളെ അധികമായി ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

Segle
സെക്ഷൻ ഓഫീസർ